## പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1076** **05.03.2018-ൽ മറുപടിക്ക്**

## ദേശീയ നൈപുണ്യ വികസന പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.എൻ.എ.ഖാദർ**
**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ.പി.കെ.ബഷീർ**
**ശ്രീ.ടി.വി.ഇബ്രാഹിം**

പ്രൊഫ സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| | |
|---|---|
| എ) ദേശീയ നൈപുണ്യ വികസന പദ്ധതി (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് )സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) ദേശീയ തൊഴിൽ നൈപുണ്യ ചട്ടകൂട് (എൻ.എസ്.ക്യൂ.എഫ്) സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനായി ഡോ: ആർ.വി.ജി. മേനോൻ ചെയർമാനായ ഒരു ഹൈപവർ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എങ്കിലും സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ 2018 - 19 അധ്യയന വർഷം മുതൽ ദേശീയ തൊഴിൽ നൈപുണ്യ ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്) അടിസ്ഥാനത്തിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ വൊക്കേഷണൽ ഹയർസെക്കൻററി ഡയറക്ടറുമായി കൂടി ആലോചിച്ച് സ്വീകരിക്കുവാൻ എസ്.സി.ഇ.ആർ.ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഈ പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശം കേന്ദ്രസർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ: | ബി) ഉണ്ട്. കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ 2013 ഡിസംബർ 28 ന്റെ വിജ്ഞാപന പ്രകാരം എല്ലാ സംസ്ഥാനങ്ങളും 2018 ഡിസംബർ 28 ന് മുൻപ് 9 മുതൽ 12 വരെയുള്ള ക്ലാസുകളിൽ ദേശീയ തൊഴിൽ നൈപുണ്യ ചട്ടകൂട് (എൻ.എസ്.ക്യൂ.എഫ്) അധിഷ്ഠിതമായ കോഴ്സുകൾ നടപ്പിലാക്കണമെന്ന് നിർദ്ദേശി ച്ചിട്ടുണ്ട്. എന്നാൽ 2015 ലെ കേന്ദ്ര തൊഴിൽ നൈപുണ്യ നയത്തിൽ 2020 നോടുകൂടി 25% സ്കൂളുകളിൽ എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത കോഴ്സുകൾ നടപ്പിലാക്കണമെന്ന് നിർദ്ദേശി ച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ഈ പദ്ധതി നടപ്പിലാക്കുന്നതോടെ വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ? | സി) സെക്കൻററി - ഹയർസെക്കൻററി തലത്തിൽ ഉയർന്ന നിലവാരത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ത്തെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഡിമാൻറ് അടിസ്ഥാനമാക്കിയുള്ള മൊഡ്യൂലാർ വൊക്കേഷണൽ കോഴ്സുകൾ 9 മുതൽ 12 ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ തൊഴിൽ നൈപുണ്യ ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്). രാജ്യം മുഴുവൻ ഒരേ കോഴ്സിന് ഒരേ സർട്ടിഫിക്കറ്റ് എന്നത് ഇതിന്റെ പ്രത്യേകതയാണ്. |

സെക്ഷൻ ഓഫീസർ